# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 339** **18-03-2013-ൽ മറുപടിയ്ക്ക്**

**കായംകുളം പോലീസ് സ്റ്റേഷന് സമീപം റോഡുകളിലെ ഗതാഗതക്കുരുക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. കെ. സദാശിവൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) കായംകുളം പോലീസ് സ്റ്റേഷന്റെ കിഴക്ക് വശത്ത് കായംകുളം-തിരുവല്ല റോഡിൽ പോലീസ് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കുന്നതിനാൽ കെ.പി. റോഡിലും, കായംകുളം തിരുവല്ലാ റോഡിലും വലിയ ഗതാഗതക്കുരുക്കുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കഴിയുന്നതും വേഗം ഡിസ്പോസ് ചെയ്യാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (സി) തിരക്കേറിയ ഈ ഭാഗത്ത് സ്ഥിരമായി ഹെൽമറ്റ് പരിശോധന നടത്തുന്നത് വലിയ അപകടത്തിനു കാരണമാകും എന്നുള്ളതിനാൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) തിരക്കേറിയ ഭാഗങ്ങളിൽ വച്ച് ഹെൽമറ്റ് പരിശോധന പരമാവധി ഒഴിവാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ